## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1262 | 06/02/2020-ൽ മറുപടിയ്ക്ക്

## പ്രീ-സ്കൂൾ വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. ദിവാകരൻ**<br>**,, ഇ.കെ.വിജയൻ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.എൽദോ എബ്രഹാം** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രീ-സ്കൂൾ വിദ്യാഭ്യാസ മേഖല ശാക്തീകരിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രമുഖ ലക്ഷ്യങ്ങളിൽ ഒന്നാണ് പ്രീസ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പരിഷ്കരിക്കുക എന്നത്. ശിശുകേന്ദ്രീകൃതമായ പ്രീസ്കൂൾ വിദ്യാഭ്യാസം പ്രാവർത്തികമാക്കുന്നതിനായി 2014-ൽ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പ്രീസ്കൂൾ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ 2017-ൽ പ്രീസ്കൂൾ അധ്യാപകർക്കായി കളിപ്പാട്ടം എന്ന പേരിലുള്ള പ്രവർത്തന പുസ്തകവും കുട്ടികൾക്കായി (3+,4+ പ്രായക്കാർക്ക്) കളിത്തോണി എന്ന പ്രവർത്തന പുസ്തകവും, അവ ക്ലാസിൽ വിനിമയം ചെയ്യുന്നതിനുള്ള അധ്യാപക വിനിമയ സഹായിയും തയ്യാറാക്കിയിട്ടുണ്ട്.<br>തയ്യാറാക്കപ്പെട്ട സഹായികൾ പ്രാവർത്തികമാക്കുന്നതിനായി അധ്യാപകർക്ക് ഘട്ടം ഘട്ടമായി ടൈ ഔട്ടുകൾ നടത്തി പരിശീലനം എസ്.സി.ഇ.ആർ.ടി, ഡയറ്റ് എന്നിവയുടെ നേതൃത്വത്തിൽ നൽകി വരുന്നു.<br>ക്ലാസ് മുറികളിൽ അക്കാദമിക-ഭൗതിക സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട പ്രീസ്കൂളുകളിൽ സാമ്പത്തിക സഹായം നൽകി പ്രവർത്തന മൂലകൾ സജ്ജീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രീ-സ്കൂൾ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) & (സി) | സർക്കാർ ഉത്തരവ് (സാധാ) നം. 5039/2019/പൊ.വി.വ തീയതി 22/11/2019 പ്രകാരം പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും യഥാക്രമം 11,000/- രൂപ, 6500/- രൂപ ആയി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ വർദ്ധിപ്പിച്ച തുക നവംബർ 2019 മുതൽ അനുവദിച്ചു വരുന്നു. |
| (സി) | സർക്കാർ അംഗീകൃത പ്രീ-പ്രൈമറി അദ്ധ്യാപികമാരുടെയും ആയമാരുടെയും ഓണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ടോ; | | |
| (ഡി) | പ്രീ-സ്കൂൾ പഠനം മെച്ചപ്പെടുത്തുന്നതിനുവേണ്ട പാഠ്യ പദ്ധതി ചട്ടക്കൂട് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ഡി) | ഏകീകൃത പ്രീ-സ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി യുടെ വെബ്സൈറ്റിലും, പുസ്തക രൂപേണ സെയിൽസ് കൗണ്ടറിലും ലഭ്യമാണ്. |
| (ഇ) | പ്രീ-സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നിലവിലുള്ള അംഗനവാടികളെയും പ്രീ-പ്രൈമറി സംവിധാനത്തെയും ഉൾപ്പെടുത്തിയാണോ തയ്യാറാക്കിയിട്ടുള്ളതെന്നും അതിനായി സ്വീകരിക്കുന്ന രീതികളും നടപടികളും സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ? | (ഇ) | കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിലെ കുട്ടികൾക്കും ശാസ്ത്രീയമായി വിദ്യാഭ്യാസം നൽകുന്നതിന് പൈലറ്റ് അടിസ്ഥാനത്തിൽ ക്ലസ്റ്ററധിഷ്ഠിത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിന് ആവശ്യമായ അവസ്ഥാ പഠനം പൂർത്തിയായി വരുന്നു. ഇതിന്റെ അധ്യാപക പരിശീലനം നൽകുന്നതിനായി സംസ്ഥാന റിസോഴ്സ് അംഗങ്ങൾക്ക് ശില്പശാലകളും പരിശീലനങ്ങളും സംഘടിപ്പിച്ചു. പരിശീലന മൊഡ്യൂളിന്റെ പാക്കേജും തയ്യാറാക്കിയിട്ടുണ്ട്. തുടർ പരിശീലനത്തിനുള്ള ഏകോപന പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>എസ്.സി.ഇ.ആർ.ടി ക്ലസ്റ്റർ അധിഷ്ഠിത പ്രീ-സ്കൂൾ ഏകോപന പ്രവർത്തനങ്ങൾക്കായി വെള്ളായണി എം.എൻ.എൽ.പി.എസ്-നെയും ആ ക്ലസ്റ്ററിലെ 3 അങ്കണവാടികളെയും സംയോജിപ്പിച്ചുകൊണ്ട് ഒരു ഗവേഷണ പഠനം ആരംഭിച്ചിട്ടുണ്ട്. |

Reen

സെക്ഷൻ ഓഫീസർ